**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3266** **25-10-2021 - ൽ മറുപടിയ്ക്ക്**

**പീരുമേട്ടിൽ പൂട്ടികിടക്കുന്ന തേയിലത്തോട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തോട്ടം തൊഴിലാളികളിൽ നിന്നും പിരിച്ചെടുക്കുന്ന പ്രൊവിഡന്റ് ഫണ്ട് കൃത്യമായി തോട്ടം ഉടമകൾ ഒടുക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കാമോ; | (എ) | എ) യും ബി) യും പ്രോവിഡന്റ് ഫണ്ട് ഒടുക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ കേന്ദ്ര തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ (ഇപിഎഫ്ഒ) വെബ്സൈറ്റിൽ ലഭ്യമാണ്. കൃത്യമായി പ്രോവിഡന്റ് ഫണ്ട് ഒടുക്കാത്ത ഉടമകൾക്കെതിരെ നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് അതോറിറ്റിയാണ്. |
| (ബി) | കൃത്യമായി പ്രൊവിഡന്റ് ഫണ്ട് ഒടുക്കാത്ത ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | എ) യും ബി) യും പ്രോവിഡന്റ് ഫണ്ട് ഒടുക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ കേന്ദ്ര തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ (ഇപിഎഫ്ഒ) വെബ്സൈറ്റിൽ ലഭ്യമാണ്. കൃത്യമായി പ്രോവിഡന്റ് ഫണ്ട് ഒടുക്കാത്ത ഉടമകൾക്കെതിരെ നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് അതോറിറ്റിയാണ്. |
| (സി) | ഇരുപത് വർഷമായി പീരുമേട്ടിൽ പൂട്ടികിടക്കുന്ന തേയിലത്തോട്ടങ്ങൾ തുറക്കുവാൻ വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (സി) | സി) സംസ്ഥാനത്തെ പൂട്ടികിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി ബഹു.തൊഴിൽവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ, പൂട്ടിയ തോട്ടങ്ങളായ പീരുമേട് ടീ കമ്പനി, എം.എം.ജെ പ്ലാന്റേഷൻസ് എന്നീ മാനേജ്മെന്റുകളെ ഉൾപ്പെടുത്തി 22.11.2018-ൽ മീറ്റിംഗ് കൂടുകയും പ്രസ്തുത മീറ്റിംഗിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തോട്ടം തുറന്നു പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ലേബർ കമ്മീഷണറുടെ ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ഡി) | ശോചനീയ അവസ്ഥയിലായ തോട്ടം തൊഴിലാളികളുടെ ലയങ്ങൾ പുതുക്കിപ്പണിയുന്നതിന് | (ഡി) | ഡി) തോട്ടം മേഖലയിലെ ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുക എന്ന |

| | | | |
|---|---|---|---|
| | എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | | സർക്കാർ നയത്തിന്റെ ഭാഗമായി തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പ്രാഥമിക സർവ്വേയിൽ കണ്ടെത്തിയ ഭവന രഹിതരായ തോട്ടം തൊഴിലാളികളെ 'ലൈഫ്' ലിസ്റ്റിൽ ഉൾപ്പെടുത്തി സ്വന്തമായി വീട് നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മൂന്നാർ മേഖലയിൽ 'ലൈഫ്' ലിസ്റ്റിൽ ഉൾപ്പെട്ട തോട്ടം തൊഴിലാളികൾക്കുള്ള വീടുകളുടെ നിർമ്മാണം തുടങ്ങുകയും പൂർത്തീകരിച്ച 5 വീടുകൾ തൊഴിലാളികൾക്ക് കൈമാറിയിട്ടുള്ളതുമാണ്. ഭവനം ഫൗണ്ടേഷൻ ഭവനം പദ്ധതിയുടെ കീഴിൽ 'ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിൽ' ഉൾപ്പെടുത്തി, ആർ.പി.എൽ കുളത്തുപ്പുഴ എസ്റ്റേറ്റിൽ, 5 ഏക്കർ സ്ഥലത്ത് 412.6 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിലുള്ള 40 വീടുകളുടെ നിർമ്മാണം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ